പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1874 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ ഓഡിറ്റ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇൻറ്റേണൽ ഓഡിറ്റ് സംവിധാനത്തിന് പുറമേ കെ.എസ്.ആർ.ടി.സി.യിൽ ഏത് തരത്തിലുള്ള ഓഡിറ്റ് സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (എ) | സി.&എ.ജി. ഓഡിറ്റ്. |
| (ബി) | ഏത് വർഷം വരെയുള്ള കണക്കുകൾ പുറമെയുള്ള ഏജൻസികൾ മുഖേന ഓഡിറ്റ് നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | സി.&എ.ജി. ഓഡിറ്റിനു വിധേയമായിട്ടുള്ള വാർഷിക കണക്കുകളിൽ പുറമേയുള്ള ഓഡിറ്റുകൾ നടത്തേണ്ടില്ല. |
| (സി) | എത്ര വർഷത്തെ ഓഡിറ്റ് നടപടികൾ ഇനിയും പൂർത്തിയാക്കുവാനുണ്ടെന്ന് അറിയിക്കുമോ; | (സി) | 2014-15 സാമ്പത്തിക വർഷത്തെ ആന്യുവൽ അക്കൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ടിന്റെ പരിശോധന അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കുകയും ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.<br>2015-16 സാമ്പത്തിക വർഷത്തെ ആന്യുവൽ അക്കൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി അംഗീകരിക്കുകയും ഓഡിറ്റ് നടത്തുന്നതിനായി അക്കൗണ്ടന്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷത്തെ ആന്യുവൽ അക്കൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രൊവിഷണൽ അക്കൗണ്ട്സ് പൂർത്തിയായിട്ടുണ്ട്. |
| (ഡി) | ഓഡിറ്റുകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | C&AG Audit & Certification ലഭിച്ചതിനു ശേഷം മാത്രമേ അടുത്ത ഓഡിറ്റുകൾ സമയ ബന്ധിതമായി പൂർത്തികരിക്കുവാനാവൂ. |

| | | | |
|---|---|---|---|
| (ഇ) | കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലെത്തിക്കുന്നതിനുള്ള അനിവാര്യമായ ഓഡിറ്റ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി അപ് ടു ഡേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിലുള്ള ഓഡിറ്റ് നടപടികൾ വേഗത പുലർത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**